ഉത്തരം

(എ) ക്ഷേത്ര കലകളായ ചാക്യാർ കൂത്ത്, കൂടിയാട്ടം, ഓട്ടൻ തുള്ളൽ, ശീതങ്കൻ തുള്ളൽ എന്നീ വിഷയങ്ങൾ സർക്കാർ ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനമായ കലാമണ്ഡലത്തിൽ പഠിപ്പിക്കുന്നുണ്ട്. മറ്റൊരു ഗ്രാൻഡ്-ഇൻ-എയ്ഡ് സ്ഥാപനമായ കേരള ഫോക് ലോർ അക്കാദമി, തെയ്യം അഭ്യസിക്കുന്ന കുട്ടികൾക്ക് പ്രതിമാസം സ്റ്റൈപ്പന്റ് നൽകുന്നതു കൂടാതെ കുറത്തിയാട്ടം കലാകാരന്മാരെ ആദരിക്കൽ അവർക്ക് പെൻഷൻ, സ്റ്റൈപ്പന്റ്, രോഗ ചികിൽസാ സഹായം എന്നീ പദ്ധതികളുടെ പരിധിയിൽ ഉൾപ്പെടുന്നു.

(ബി) നാടൻ കലകൾ സംരക്ഷിക്കപ്പെടുന്നത് നമ്മുടെ കാവുകളിലും ക്ഷേത്രങ്ങളിലും തന്നെയാണ്. എന്നാൽ ആയിരക്കണക്കിന് കാവുകളും ക്ഷേത്രങ്ങളും ഉള്ള നമ്മുടെ സംസ്ഥാനത്ത് ഓരോന്നിനും പ്രത്യേക ധനസഹായം നൽകുക പ്രായോഗികമല്ല.

13 (451) അവശകലാകാര പെൻഷൻ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിൽ കൊയിലാണ്ടി താലൂക്കിലെ പ്രശസ്ത തായംപക വിദഗ്ദ്ധൻ കൊണ്ടംവള്ളി കുഞ്ഞുക്കൃഷ്ണമാരാർ കലാകാരൻമാർക്കുള്ള പെൻഷന് അർഹനാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇദ്ദേഹം പെൻഷനുവേണ്ടി നൽകിയ ഹർജി പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത തായമ്പക വിദഗ്ദ്ധന് കലാകാരൻമാർക്കുള്ള പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കലാകാര പെൻഷന് ലഭിച്ച അപേക്ഷകളിൽ ശ്രീ. കൊണ്ടം വള്ളി കുഞ്ഞുക്കൃഷ്ണ മാരാരുടെ അപേക്ഷയും ലഭിച്ചിരുന്നു. ഈ അപേക്ഷകളിൽനിന്നും കൂടുതൽ അർഹരായ 234 പേരെ പുതുതായി കലാകാര പെൻഷന് തെരഞ്ഞെടുത്തു. കലാകാരപെൻഷൻ ഒഴിവുണ്ടാകുന്ന മുറയ്ക്ക് സർക്കാർ പത്രവാരാ അപേക്ഷ ക്ഷണിക്കുമ്പോൾ ശ്രീ. കുഞ്ഞുക്കൃഷ്ണമാരാർക്ക് ഇനിയും അപേക്ഷിക്കാവുന്നതാണ്.

14 (453) അവശ കലാകാരൻമാർക്കുള്ള പെൻഷൻ

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ കലാകാരൻമാർക്ക് പെൻഷൻ നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) മാസങ്ങളായി അവർക്ക് അർഹതപ്പെട്ട പെൻഷൻ ലഭിക്കുന്നില്ല എന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly